(ഇ) 2005-2006 സാമ്പത്തികവർഷം.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പദ്ധതിനിർവ്വഹണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ കാലാവധി

218 [3190] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിലെ പദ്ധതിനിർവ്വഹണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഏതെങ്കിലും തരത്തിൽ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ബി) 2005 മാർച്ച് 31-നുമുൻപ് പദ്ധതിനിർവ്വഹണത്തിന്റെ എത്ര ശതമാനം പൂർത്തീകരിക്കണമെന്നായിരുന്നു സർക്കാർ നിർദ്ദേശം;

(സി) മൊത്തം പദ്ധതിയുടെ 85% 2005 മാർച്ച് 31-നുമുമ്പ് പൂർത്തിയാക്കാത്ത എത്ര തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉണ്ടായിരുന്നു എന്ന് ഇനം തിരിച്ചു പറയാമോ;

(ഡി) ഈ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പദ്ധതിനിർവ്വഹണത്തിന് എത്ര സമയംകൂടി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) നീട്ടിക്കൊടുത്ത സമയത്തിനകം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) നിശ്ചിതസമയത്തിനകം നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും 2004-2005 വർഷത്തെ മുഴുവൻ തുകയും സർക്കാർ നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2005-2006 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തീകരിക്കാവുന്നതാണ്. 2004-2005 വാർഷികപദ്ധതിയിലെ ചെലവ് 85 ശതമാനമായി കണക്കാക്കി 85 ശതമാനത്തിൽ കുറവ് ചെലവഴിച്ച പഞ്ചായത്തുകൾക്ക് 85% വരെ തുക ലഭിക്കുന്നതിനുള്ള അധിക പദ്ധതിവിഹിതം നൽകുന്നതാണ്. പ്രസ്തുത വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ 2005 മേയ് 31-ന് മുൻപ് പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിവിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച് നിർവ്വഹണം നടത്തുന്നതിന്.

(സി) ഇപ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണറേറ്റ്, നഗരകാര്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) 2005 മേയ് മാസം 31 വരെ തുക ചെലവഴിച്ച് പൂർത്തീകരിച്ച സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അധിക പദ്ധതിവിഹിതം ലഭിക്കുന്നതാണ്. മറ്റുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പുവർഷത്തെ പദ്ധതിവിഹിതം ഉപയോഗിച്ച് 2005-2006 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ഇ) അധികപദ്ധതിവിഹിതം നൽകുന്നതിനായി 2005 മേയ് മാസം 31 വരെ നിർവ്വഹണം പൂർത്തീകരിച്ച പ്രോജക്ടുകളെ സംബന്ധിച്ചും ചെലവഴിച്ച തുക സംബന്ധിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണറേറ്റ്, നഗരകാര്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) & (ജി) 2005 മേയ് മാസം 31 വരെ ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ ശേഖരിച്ചതിനുശേഷം അധിക പദ്ധതിവിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നഗര-ഗ്രാമ പ്രദേശങ്ങളിൽ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ

219 [3191] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും ഗ്രാമങ്ങളിലും മാലിന്യസംസ്കരണം ഒരു മുഖ്യപ്രശ്നമായി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ തീരുമാനിച്ച മാലിന്യസംസ്കരണ പ്ലാന്റിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്ലാന്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

GPM. 2/609/2012—31

LIBRARY ARCHIVES Kerala Legislative Assembly